പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1009 | 14-10-2026-ൽ മറുപടിയ്ക്ക്

<u>മത്സ്യമേഖലയുമായി ബന്ധപ്പെട്ട മൂല്യവർധിത ഉൽപ്പന്നങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യമേഖലയുമായി ബന്ധപ്പെട്ട മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആധുനിക പ്രോസസ്സിംഗ് യൂണിറ്റുകൾ ആരംഭിക്കാൻ സഹായ നൽകുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>**മറുപടി:**</u> 2019-20 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ ഓഖി പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം വിഴിഞ്ഞത്ത് പ്രോസസ്സിംഗ് യൂണിറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്ഥാപിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിൽ കൊല്ലം ജില്ലയിൽ ശക്തികളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റും പ്രവർത്തിപ്പിച്ചുവരുന്നു.

**(ബി)** മത്സ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർധിപ്പിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>**മറുപടി:**</u> കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യ സംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യ ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉണക്കമത്സ്യ ഉൽപന്നങ്ങളാക്കി "ഡ്രിഷ് കേരള" എന്ന പേരിൽ തദ്ദേശിയവും വിദേശിയവുമായ വിപണിയിൽ എത്തിച്ചുവരുന്നു. ഇതിനോടകം യു.എസ്.എ, കാനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിൽ കയറ്റുമതി ചെയ്തു കഴിഞ്ഞു. ഇത്തരത്തിൽ കയറ്റുമതി പ്രാവർത്തികമാകുന്നതിന്റെ ഭാഗമായി HACCP Standardization, FSSAI Registration, Export License, PCB Clearance, EIA Clearance, LSGD, Approval എന്നിവയെല്ലാം സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ H A C C P norms അനുസരിച്ച് പ്ലാന്റിന്റെ ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ട്.

**(സി)** മത്സ്യം സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ എല്ലാ പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളിലും ലഭ്യമാണോയെന്നു പരിശോധന നടത്തിയിട്ടുണ്ടോ; അയൽ സംസ്ഥാനങ്ങളിൽ നിന്ന്

പഴകിയ മൽസ്യങ്ങൾ എത്തിച്ച് വില്പന നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കേന്ദ്ര സംസ്ഥാന പദ്ധതിയായ "പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന - സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമം" പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനി, താനൂർ, ഷിറിയ എന്നീ ഹാർബർ പ്രദേശത്ത് കോൾഡ് സ്റ്റോറേജ് സൗകര്യം ഒരുക്കിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് പഴകിയ മത്സ്യങ്ങൾ എത്തിച്ച് വിൽപ്പന നടത്തുന്നത് തടയുന്നതിലേക്കായി, ഭക്ഷ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**